"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - എറണാകുളം, തൃശ്ശൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന അഴീക്കോട് മുനമ്പം ഫെറിയുടെ കരാറുകാരനായ ശ്രീ. കെ.ജി.വേണുഗോപാലന് അഴീക്കോട് പോർട്ട് കൺസർവേറ്റർ ചുമത്തിയ പിഴ ഇളവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

G.O.(Rt)No.19/2026/F&P തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:-

1. കൊടുങ്ങല്ലൂർ പോർട്ട് കൺസർവേറ്ററുടെ 26/12/2024 തീയതിയിലെ No.0001/2024/KMB/KDR നോട്ടീസ്.
2. ശ്രീ. കെ.ജി. വേണുഗോപാലൻ ബഹു.തുറമുഖ വകുപ്പ് മന്ത്രിയ്ക്ക് 18/1/2025 ൽ സമർപ്പിച്ച നിവേദനം.
3. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 1/9/2025, 30/9/2025 എന്നീ തീയതികളിലെ HOKMB-TVM/560/2025-E2 നമ്പർ കത്ത്.
4. തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 3/11/2025 ൽ നടന്ന ഹിയറിംഗ്.
5. ശ്രീ കെ.ജി. വേണുഗോപാലൻ തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറിയ്ക്ക് 3/11/2025 ൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

അഴീക്കോട് മുനമ്പം ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസ് നടത്തുന്ന ARABIAN KIV/KDR/PV/0241/2012 എന്ന ജലയാനം സർവ്വേ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിപ്പിച്ചതിനു 25,000/-രൂപയും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിപ്പിച്ചതിനു 2,000/- രൂപയും ലൈസൻസുള്ള ജീവനക്കാർ ഇല്ലാതെ പ്രവർത്തിപ്പിച്ചതിനും ജീവനക്കാരുടെ ലൈസൻസ് ബോട്ടിൽ സൂക്ഷിക്കാത്തതിനും 25,000/-രൂപ ഉൾപ്പെടെ ആകെ 52,000/-രൂപ പിഴയായി ഫെറിയുടെ കരാറുകാരനായ ശ്രീ. കെ.ജി.വേണുഗോപാലന് കൊടുങ്ങല്ലൂർ പോർട്ട് കൺസർവേറ്റർ പരാമർശം 1 പ്രകാരം ചുമത്തുകയും ടി ബോട്ടിന്റെ പ്രവർത്തനം താൽക്കാലികമായി നിരോധിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പിഴ ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഐ. വി ആക്ട് 2021 സെക്ഷൻ 105 പ്രകാരം ശ്രീ. കെ.ജി. വേണുഗോപാലൻ സർക്കാരിന് പരാമർശം (2) പ്രകാരം നിവേദനം/അപ്പീൽ നൽകിയിരിന്നു.

ഭീമമായ തുക അടക്കുവാൻ പരാതിക്കാരന് കഴിവില്ലാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന് മനസ്സിലാക്കിയതിനാലും, ഐ വി ആക്ട് നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കില്ലായെന്നു ഉറപ്പു തന്നതിനാലും, ടിയാൻ 10 ദിവസത്തിനുള്ളിൽ പിഴ ഒടുക്കുവാൻ തയ്യാറാണെങ്കിൽ 52,000/- എന്നുള്ള തുക 50% കുറയ്ക്കാവുന്നതാണെന്ന് കേരള മാരിടൈംബോർഡ് പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി പരാമർശം (4) പ്രകാരം, പരാതിക്കാരനെ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ 26.12.2024 ന് അഴീക്കോട് പോർട്ട് കൺസർവേറ്റർ ചുമത്തിയ പിഴ തുക മുഴുവനായും ഒഴിവാക്കിതരണമെന്നും പിഴ അടക്കാത്തതിനാൽ ബോട്ട് സർവ്വീസ് നടത്താൻ സാധിച്ചിട്ടില്ലായെന്നും അറ്റകുറ്റ പണിക്കായി മാറ്റിയിട്ടിരിക്കുകയാണെന്നും അതുകൊണ്ടുതന്നെ സാമ്പത്തികമായി തകർന്ന അവസ്ഥയിലാണെന്നും ബോട്ടിന്റെ അറ്റകുറ്റ പണികൾക്കായി പണം കണ്ടെത്തേണ്ടതുണ്ട് എന്നും അറിയിയ്ക്കുകയുണ്ടായി. ടിയാൻ ബോട്ട് വാടകയ്ക്കെടുത്തു സർവീസ് നടത്തുകയാണെന്നും ആയതിനാൽ ബോട്ടുടമ ഫൈൻ അടക്കുവാൻ ടിയാനെ നിർബന്ധിക്കുകയാണ് എന്നും കൂടാതെ ഹൃദയസംബന്ധമായ രോഗമുള്ളയാളാണെന്നും, ഇത്രയും ഭീമമായ തുകയ്ക്ക് പകരം നാമമാത്രമായ തുക അടയ്ക്കാമെന്നും പരാതിക്കാരൻ ഹിയറിംഗ് വേളയിൽ അറിയിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ.ജി. വേണുഗോപാലൻ ഐ വി ആക്ട് നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കില്ലായെന്നു ഉറപ്പു തന്നതിനാലും, ടിയാൻ 10 ദിവസത്തിനുള്ളിൽ പിഴ ഒടുക്കുവാൻ തയ്യാറാണെങ്കിൽ 52,000/- എന്നുള്ള തുക 50% കുറയ്ക്കാവുന്നതാണെന്ന് കേരള മാരിടൈംബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ടിയാന്റെ ആരോഗ്യസ്ഥിതിയും മറ്റു വരുമാന മാർഗങ്ങൾ ഇല്ലാത്തതും പരിഗണിച്ചുകൊണ്ട് 52,000/- യുടെ 50% തുകയായ 26,000/- രൂപ അടച്ച് ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് ശ്രീ. കെ.ജി. വേണുഗോപാലന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASANTHA V K
JOINT SECRETARY

ശ്രീ. കെ.ജി.വേണുഗോപാലൻ, കൈപ്പറമ്പിൽ ഹൗസ്, കൊടുങ്ങല്ലൂർ പി.ഒ - 680666

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പോർട്ട് ഓഫീസർ, കൊടുങ്ങല്ലൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 08-01-2026 15:48:40

സെക്ഷൻ ഓഫീസർ